# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 827** **8.3.2012-ൽ മറുപടിക്ക്.**

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ലൂഡി ലൂയിസ്: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി ക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധ മാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ , മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീല നങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ മാർക്കുള്ള പരിശീലനം, വിദ്യാർത്ഥി കൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്/ നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ വഴിയും ലഘുലേഖകൾ, പോസ്റ്റർ, ബാനർ തുടങ്ങിയവ ഉപയോഗിച്ചും റോഡു സുരക്ഷാ സന്ദേശങ്ങളും അപകട നിവാരണ മാർഗ്ഗങ്ങളും ജനങ്ങളിൽ എത്തിച്ചു വരുന്നുണ്ട്.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ടിയും നടപടികൾ സ്വീകരിച്ചു വരുന്നു. ചേർത്തല - മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല - അരൂർ ഭാഗത്ത് സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. |
| (ബി) | ജില്ലാ - സംസ്ഥാനതലങ്ങളിൽ റോഡപകട അവലോകന സമിതികൾ രൂപീകരിക്കുമോ; | (ബി) | ബഹു: മുഖ്യമന്ത്രി 14.02.2012 ൽ വിളിച്ചു കൂട്ടിയ യോഗത്തിൽ വിശദമായ ചർച്ചയ്ക്കു ശേഷം പോലീസ് , ഗതാഗത, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡു സുരക്ഷാ കമ്മീഷണർ ചെയർമാനും, ഐ.ജി (ട്രാഫിക്), പൊതുമരാമത്ത് എൻ.എച്ച്./ Roads ചീഫ് എൻജിനീയർമാർ മെമ്പർമാരുമായി ഒരു സ്റ്റേറ്റ് ആക്സിഡന്റ് റിവ്യു കമ്മിറ്റി (State Accident Review Committee) ടി ഉദ്യോഗസ്ഥരുടെ പേര് ചേർത്ത് രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഗുരുതരമായ എല്ലാ അപകടങ്ങളും ടി കമ്മിറ്റി പരിശോധിക്കുകയും അവയോരോന്നും സംഭവിച്ചതെങ്ങനെയെന്നതിനെക്കുറിച്ച് വിശദമായ ഒരന്വേഷണം ടി കമ്മിറ്റി നടത്തുകയും റിപ്പോർട്ട് വ്യക്തമായ ശുപാർശകൾ സഹിതം പരിഹാര നടപടികൾക്കായി സർക്കാരിന് നല്കുകയും ചെയ്യും.<br>ജില്ലാതലത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് ചെയർമാനായും ബന്ധപ്പെട്ട ആർ.റ്റി.ഒ, പൊതുമരാമത്ത് എക്സി. എൻജിനിയർ എന്നിവർ ഉൾപ്പെടുന്ന ഡിസ്ട്രിക്റ്റ് ആക്സിഡന്റ് റിവ്യൂ കമ്മിറ്റി രൂപീകരിക്കുവാനും, ടി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ജില്ലാ കമ്മിറ്റി റോഡപകടങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സ്റ്റേറ്റ് കമ്മിറ്റിയ്ക്ക് നല്കണം.<br>സംസ്ഥാന തലത്തിൽ കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലുകളും അപകടങ്ങൾ അവലോകനം ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | നിവാരണ നടപടി എടുക്കുന്നതിനും മറ്റുമായി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സമിതികളുടെ ഘടനയും പ്രവർത്തനരീതികളും എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 പ്രകാരം ഗവൺമെന്റ് കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ചെയർമാൻ ഗതാഗത വകുപ്പു മന്ത്രിയും വൈസ് ചെയർമാൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ചീഫ് സെക്രട്ടറി, DGP, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ സെക്രട്ടറി, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി , ഡി.ജി.പി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ഐ.ജി (ട്രാഫിക്), ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്), ചീഫ് എഞ്ചിനിയർ (നാഷണൽ ഹൈവേ), ഡയറക്ടർ (നാറ്റ്പാക്), സെക്രട്ടറി (എസ്.റ്റി.എ) എന്നിവരാണ് മറ്റംഗങ്ങൾ. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സി.ഇ.ഒ റോഡ് സുരക്ഷ കമ്മീഷണറാണ്. ഇതിനു പുറമേ റോഡ് സുരക്ഷാ കാര്യങ്ങളിൽ പ്രാഗത്ഭ്യമുള്ള മൂന്ന് പേരെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. ഇവരുടെ പ്രവർത്തന കാലപരിധി 5 വർഷമാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതംഗത്തിനും തന്റെ രാജി അതോറിറ്റിയുടെ ചെയർമാന് സമർപ്പിക്കാവുന്നതാണ്.<br>ടി നിയമത്തിന്റെ 19-ാം വകുപ്പ് പ്രകാരം ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ എക്സ് ഒഫീഷ്യോ ചെയർമാൻ ജില്ലാ കളക്ടറാണ്. പോലീസ് സൂപ്രണ്ട്, എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ (റോഡ്സ്& ബ്രിഡ്ജസ്), എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയ പാത) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിഷയ വിദഗ്ദൻ എന്നിവരാണ് ഈ അതോറിറ്റിയുടെ അംഗങ്ങൾ. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ കൗൺസിലിന്റെ എക്സ് ഒഫീഷ്യോ മെമ്പർ സെക്രട്ടറിയാണ്. |

സെക്ഷൻ ഓഫീസർ